നം. ഇ.എസ്1-19610/2021/ആ.വ.ഡ ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി. 17/12/2021

# നോട്ടീസ്

വിഷയം : ആ.വ.ഡ - ജീവനക്കാര്യം – ശ്രീ. അക്ബർ അലി. കെ. എസ്, ജെ. എച്ച്. ഐ ഗ്രേഡ്- 2 – 01.01.1997 മുതൽ 31.03.2000 വരെയുള്ള ജെ. എച്ച്. ഐ ഗ്രേഡ് – 2 ന്റെ സീനിയോറിറ്റി പട്ടികയിലെ സ്ഥാനം റദ്ദ് ചെയ്യുന്നത് - സംബന്ധിച്ച്-

സൂചന : 1. സ.ഉ(സാധ)നം. 2072/01/ആ.കു.വ, തീയതി. 01.08.2001
2. സ.ഉ(സാധ)നം. 2746/06/ആ.കു.വ, തീയതി. 20.09.2006
3. സ.ഉ(സാധ)നം. 2836/2011/ആ.കു.വ, തീയതി. 08.08.2011
4. ഉത്തരവ് നം.എ4-16807/2018/ജി.മെ.ഓ(ആ), തൃശ്ശൂർ, തീയതി. 22.12.2018
5. കുറിപ്പ് നം. ഇ. ജി2-19684/2021/ആ.വല.ഡ, തീയതി. /05/2021 & /12/2021

തൃശ്ശൂർ മാടവന കുടുംബാരോഗ്യ കേന്ദ്രത്തിലെ JHI Gr. II ആയ ശ്രീ. അക്ബർ അലി. കെ. എസ് 18.10.1999 ൽ സേവനത്തിൽ പ്രവേശിച്ചെങ്കിലും പരിവീക്ഷാകാലം പൂർത്തിയാകുന്നതിന് മുൻപ് സൂചന (1), (2), & (3) ഉത്തരവുകൾ പ്രകാരം ശൂന്യവേതനാവധിയിൽ (Appendix 12A) 08.08.2001 മുതൽ 07.08.2016 വരെ പ്രവേശിച്ചിരുന്നു. പരിവീക്ഷാകാലം പൂർത്തിയാകുന്നതിന് മുൻപ് ശൂന്യവേതനാവധിയിൽ പ്രവേശിച്ചതിനാൽ ജോലിയിൽ പുനഃപ്രവേശിച്ച 08.08.2016 മുതൽ 'fresh entrant' ആയി പരിഗണിച്ചിരുന്നു. ആയതിനാൽ ടിയാനെ 08.08.2016 തീയതി ഉൾപ്പെടുന്ന കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ മാത്രമാണ് ഉൾപ്പെടുത്താൻ സാധിക്കുക. മേൽ സാഹചര്യത്തിൽ ഇ. എസ്1-14462/2015/ആ.വ.ഡ പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള JHI Gr. II – ന്റെ 01.01.1997 മുതൽ 31.03.2000 വരെയുള്ള സീനിയോറിറ്റി പട്ടികയിൽ ഭാഗം –I ൽ 125-ാം റാങ്കായി നൽകിയിട്ടുള്ള സ്ഥാനം റദ്ദ് ചെയ്യാൻ താത്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

ഈ നോട്ടീസിന്മേൽ ബന്ധപ്പെട്ടവർക്ക് പരാതി ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 7 ദിവസത്തിനകം നേരിട്ടോ തപാൽ മാർഗ്ഗമോ ഉചിതമാർഗ്ഗേന ഈ ആഫീസിൽ എത്തിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആക്ഷേപങ്ങളൊന്നും ഇല്ലായെന്ന നിഗമനത്തിൽ തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നതാണ്.

ഒപ്പ്/-
ഡോ. റീന. കെ. ജെ
ആരോഗ്യവകുപ്പ് അഡിഷണൽ ഡയറക്ടർ (A&T)

പകർപ്പ്
1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർക്കും (ആരോഗ്യം)
(ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)
2. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്